# Athmaraksha.org

മറ്റു ലേഖനങ്ങൾ

## അവസാന വാക്ക്!




ഏതൊരാളുടെയും അന്ത്യമൊഴി ഏറെ പ്രധാനപ്പെട്ടതാണ്. അതിൽ അയാളുടെ ജീവിതം മുഴുവൻ ഒരുപക്ഷേ സംഗ്രഹിച്ചേക്കാം. അതുകൊണ്ടാണ്, മരണവാർത്ത കേട്ടാലുടനെ അയാളുടെ അവസാനസമയത്തെക്കുറിച്ചും കേൾക്കാൻ നാം തിടുക്കം കൂട്ടുന്നത്. ഒരു ബന്ധവും ഇല്ലാത്തവർക്കുപോലും ഇതു കേൾക്കാൻ താല്പര്യമുണ്ട്. കാരണം, ഇനിയൊരിക്കലും അയാൾ ഒന്നും പറയില്ല. ജീവിച്ചുതീർന്നതാകണമെന്നില്ല അയാൾ അവസാനം വിളിച്ചുപറയുന്നത്. ജീവിക്കാനിരുന്നതും ആകാം. ആ വാക്കുകളിൽ ഒരാളുടെ ഇന്നലെയുടെ കുറ്റബോധവും ഇന്നിന്റെ നോവും നാളെയുടെ സ്വപ്നങ്ങളും ഒക്കെ കണ്ടേക്കാം. ദുർബലന്റെ നാവിൽനിന്നും ശക്തവും ശക്തന്റെ നാവിൽനിന്നും ദുർബലവും ആയ വചനങ്ങളും നാം കേട്ടേക്കാം.

ഒരായുസ്സു മുഴുവൻ കുഞ്ഞുങ്ങൾക്കും കുടുംബത്തിനുമായി മാത്രം ജീവിച്ച ഒരുവൻ അവസാനനേരത്തും ഒരു നോക്കുകൂടി അവരെക്കാണാനുള്ള തിടുക്കം കാണിച്ചേക്കാം. ജീവിതത്തിന്റെ സിംഹഭാഗവും തനിക്കായി മാത്രം ജീവിച്ചവൻ കൈവെള്ളയിൽനിന്ന് എല്ലാം തെന്നിമാറുന്നതിനെയോർത്ത് വിലപിച്ചേക്കാം. ദൈവത്തിനായി ജീവിച്ചവൻ ചെന്നുപെടേണ്ട ഇടത്തെക്കുറിച്ചോർത്ത് ആനന്ദ ലഹരിയിൽ നീങ്ങിയേക്കാം. ഒരു ദൈവനിഷേധി ജീവൻ മരണ പോരാട്ടത്തിനിടയിൽ ആരുടെയെങ്കിലും സഹായത്തിനായി നിലവിളിച്ചേക്കാം. എന്തായാലും, അവസാനവാക്ക് ഒരിക്കലേ പറയൂ എന്നതുകൊണ്ട് പ്രധാന്യമുണ്ടതിന്.

ഭിക്ഷ യാചിച്ച് നടക്കുന്ന ഒരു നാടോടി കുട്ടി. റോഡു മുറിച്ചുകടക്കുന്ന അവനെ പെട്ടന്നുവന്ന ലോറി ഇടിച്ച് റോഡിൽ അരഞ്ഞുകിടക്കുന്നു. ദേഹം മുഴുവൻ രക്തത്തിലായ ആ പൈതൽ ശേഷിച്ച ജീവൻ ചേർത്തുപിടിച്ച് തലയുയർത്തി ചുറ്റും കൂടിയവരോട് ചോദിച്ചു, 'എന്റെ ഉമ്മയ്ക്ക് ഇനി ആരു ചോറു കൊടുക്കും?' തളർന്നുകിടക്കുന്ന ഉമ്മയ്ക്ക് ചോറുവാങ്ങാൻ പോയതാണവൻ, അന്നുകിട്ടിയ നാണയത്തുട്ടുകളുമായി. പിച്ചവച്ചപ്പോൾ മുതൽ ഉമ്മയെ ഊട്ടാൻ നടന്നവൻ, ഈ ചോദ്യമല്ലാതെ അവസാനമായി എന്തു പറയാനാണ്.

അഹിംസയുടെ പ്രവാചകനായ മഹാത്മാഗാന്ധിക്കെതിരെ നാഥുറാം ഗോഡ്സെ നിറയൊഴിച്ചപ്പോൾ തളർന്നുവീണുപോയ ആ വീരപുരുഷൻ നിലവിളിച്ചു, ഹേ റാം!

ഈശ്വരനിയോഗാർത്ഥം കർമ്മങ്ങളെ ക്രമീകരിച്ചവന് അവസാനം അതേ പറയാനാകൂ. ഉറ്റവരെല്ലാം മരണമടഞ്ഞിട്ടും വീട്ടിലേക്ക് മടങ്ങാൻ അനേകർ ഉപദേശിച്ചിട്ടും പാതിവഴിയെ ദൈവവിളി വിട്ടെറിയാതെ മുന്നോട്ടുനീങ്ങിയ സന്യാസവര്യൻ വിശുദ്ധ ചാവറയച്ചനെ ഓർക്കുക. മരണമുഖത്തു നിൽക്കുന്ന അദ്ദേഹം കൂട്ടത്തിലുള്ളവരോട് തനിക്കായി പ്രാർത്ഥിക്കാൻ പറഞ്ഞു. ഒരു സന്ദേശവും കൊടുത്തു. മാമ്മോദീസയിൽ കിട്ടിയ ആ വിശുദ്ധവസ്ത്രത്തിൽ കളങ്കം ചാർത്താൻ ഒരിക്കലും ഇടവന്നിട്ടില്ല, ദൈവത്തിന് സ്തുതി!

വലത്തുവശത്തെ കള്ളനെ ഓർക്കുക. ആദ്യമായും അവസാനമായും ഒരു പ്രാർത്ഥന നടത്തി, അതായിരുന്നു അവന്റെ അന്ത്യമൊഴി. പറുദീസയിൽ കൂട്ടുചേർക്കണേയെന്ന്. അവൻ ജീവിക്കാൻ ആഗ്രഹിച്ചതവൻ പറഞ്ഞു, അവനത് ജീവിക്കാൻ കഴിഞ്ഞിരുന്നില്ല എങ്കിലും. ഈ അന്ത്യമൊഴികളൊക്കെ മനോഹരമാണ്. എങ്കിലും ഇതിൽനിന്നെല്ലാം ഭിന്നമാണ് ക്രൂശിതന്റേത്. ശേഷിച്ച ജീവൻ വച്ച് സ്വപ്നവചനങ്ങൾ ഉരുവിട്ടു, ചാവരുളായി.

ആദ്യവചനം ശത്രുവിനുവേണ്ടി (അവർ ചെയ്യുന്നത് എന്തെന്ന് അവർ അറിയുന്നില്ല, അതുകൊണ്ട് അപ്പാ അവരോട് പൊറുക്കണം). യേശു പറഞ്ഞു: പിതാവേ, അവരോടു ക്ഷമിക്കണമേ; അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല. (ലൂക്കാ 23:34). രണ്ടാം വചനം പാപിക്കുവേണ്ടി (ഇന്നു നീ പറുദീസയിൽ കൂട്ടുചേരും). യേശു അവനോട് അരുളിച്ചെയ്തു: സത്യമായി ഞാൻ നിന്നോടു പറയുന്നു, നീ ഇന്ന് എന്നോടുകൂടെ പറുദീസായിൽ ആയിരിക്കും (ലൂക്കാ 23:43). മൂന്നാമത്തേത് വിശുദ്ധർക്കായി (സ്ത്രീയേ, ഇതാ നിന്റെ മകൻ). യേശു തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും അടുത്തു നിൽക്കുന്നതു കണ്ട് അമ്മയോടു പറഞ്ഞു: സ്ത്രീയേ, ഇതാ, നിന്റെ മകൻ. അനന്തരം അവൻ ആ ശിഷ്യനോടു പറഞ്ഞു: ഇതാ, നിന്റെ അമ്മ. അപ്പോൾ മുതൽ ആ ശിഷ്യൻ അവളെ സ്വന്തം ഭവനത്തിൽ സ്വീകരിച്ചു (യോഹന്നാൻ 19:26-27)

ദൈവസ്നേഹത്തിന്റെ ഓർഡർ അഥവാ ക്രമം ഇതാണ്. ആദ്യം ശത്രുവിന് സ്നേഹം, പിന്നെ പാപിക്ക് മോചനം, ശേഷം വിശുദ്ധന് രക്ഷ. ഒരാൾക്കും ഈവിധം അന്ത്യമൊഴികൾ ഉരുവിടാൻ കഴിഞ്ഞിട്ടില്ല, കഴിയുകയുമില്ല. അങ്ങനെയൊന്ന് ചെയ്യാൻ സാധ്യത തെളിഞ്ഞാൽ പോലും നാം ആ ക്രമം തെറ്റിക്കും. ആദ്യം വിശുദ്ധന്, പിന്നെ പാപിക്ക്, ശേഷം ഒരുപക്ഷേ ശത്രുവിന്. ക്രൂശിതന്റെ വാക്കുകളിൽ ആ ജീവിതമുണ്ട്. അഷ്ടസൗഭാഗ്യങ്ങളുടെ മലയിൽ പറഞ്ഞത് സപ്തവാക്യങ്ങളുടെ കാൽവരിയിൽ പൂവിട്ടു. മുപ്പത്തിമൂന്ന് വർഷം ജീവിച്ചത് മൂന്ന് മണിക്കൂറിൽ സംഗ്രഹിച്ചു.

എന്റെ ജീവിതത്തിന്റെ അവസാനവാക്ക് എന്തായിരിക്കും? ജീവിച്ചതേ ഞാൻ പറയൂ. അതു പറയാനേ എനിക്കാകൂ അപ്പോൾ. ആദ്യവാക്കിലും ജീവിതവചനങ്ങളിലും ഞാനിടറിയാൽ അവസാനവാക്കിലും ഞാനിടറും. ഇടറാത്ത അവസാനവാക്കിനായി ഒരു ജീവിതം എനിക്കു തരണമേ!

കടപ്പാട്: us.sundayshalom.com